ഇപ്പോൾ പറയുന്ന കാര്യങ്ങൾക്ക് പരിഹാരമുണ്ടാകുകയുള്ളൂ എന്നാണ്. അതിനുവേണ്ടി ഒരു കോടി രൂപയുടെ ഒരു പ്രൊപ്പോസൽ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അത് പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിരിക്കുകയാണ്. ഈ പ്രവർത്തികൾ രാഷ്ട്രീയ സംവികാസ് യോജന എന്ന പദ്ധതിയിൽപ്പെടുത്തി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. അതിന് അനുമതി കിട്ടാൻ ബുദ്ധിമുട്ടില്ലെന്നാണ് എനിക്ക് കിട്ടിയിരിക്കുന്ന വിവരം. അടുത്ത സീസണിലേക്ക് കൃഷിക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത നിലയിൽ ഈ പ്രശ്നം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(2) കൊച്ചി തുറമുഖം നേരിടുന്ന പ്രതിസന്ധി

മി.സ്പീക്കർ : ശ്രീമതി മേഴ്സി രവി ഇതുസംബന്ധിച്ച് ഒരു കാളിംഗ് അറ്റൻഷൻ തന്നിരുന്നു. സ്ഥലം എം.എൽ.എ.യക്ക് കൊടുത്തതുകൊണ്ടാണ് മേഴ്സി രവിക്ക് കൊടുക്കാത്തത്.

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : സർ, വളരെ ഗുരുതരമായ ഒരു പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. കൊച്ചി തുറമുഖം വഴി കയറ്റി അയച്ചിരുന്ന ചരക്കുകൾക്ക് നൽകിയിരുന്ന ഇൻസെന്റീവ് നിർത്തലാക്കികൊണ്ടും ഇനിമേലിൽ മുംബായ്, കണ്ട്ല, ചെന്നൈ, കൽക്കട്ട തുടങ്ങിയ തുറമുഖങ്ങളിൽ കൂടി ചരക്കുകൾ കയറ്റി അയച്ചാൽ മാത്രമേ കസ്റ്റംസ് ഇൻസെന്റീവ് നൽകുകയുള്ളൂ എന്നും കേന്ദ്ര ഗവൺമെന്റ് ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരിക്കുകയാണ്. ഇതോടുകൂടി കൊച്ചി തുറമുഖം തകർന്നുപോകും. ഇരുപതിനായിരം കണ്ടെയിനറുകളാണ് ഇതുമൂലം നഷ്ടപ്പെടുക. കൊച്ചിക്ക് എതിരെ ഉന്നത തലങ്ങളിലുള്ള ഗൂഢാലോചന ഗവൺമെന്റ് മനസ്സിലാക്കി പ്രധാനമന്ത്രിയെ തന്നെ ഇക്കാര്യത്തിൽ ഇടപെടുവിച്ച് ഈ നോട്ടിഫിക്കേഷൻ പിൻവലിപ്പിക്കാൻ മുഖ്യമന്ത്രി മുന്നോട്ട് വരണം. അതുപോലെ വല്ലാർപാടം,വളരെ വികസന സാദ്ധ്യതയുള്ള പദ്ധതികൾ നമ്മൾ സ്വപ്നം കാണുമ്പോൾ ഇത്തരത്തിലുള്ള ഗൂഢാലോചന വളരെ കരുതലോടെ ഗവൺമെന്റ് കാണുകയും അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യണം. മുഖ്യമന്ത്രി ഇതിൽ ഇടപെട്ട് ഉടനെ തന്നെ ഈ നോട്ടിഫിക്കേഷൻ പിൻവലിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത് വളരെ ഗുരുതരമായ ഒരു പ്രശ്നമാണ്. നേരത്തെ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ ശ്രീമതി മേഴ്സി രവി, എം.എൽ.എ.യും ഈ പ്രശ്നം ഉണ്ടായ ഉടനെ തന്നെ അടിയന്തിരമായി ഗവൺമെന്റ് ഇടപെടണമെന്ന് പറഞ്ഞ് എനിക്ക് പരാതി തന്നു. ഈ സഭയിലെ അംഗമല്ലെങ്കിലും ശ്രീ. വയലാർ രവിയും ഡൽഹിയിൽ നിന്ന് പല പ്രാവശ്യം എന്നെ വിളിച്ച് ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തിരമായി എന്തെങ്കിലും ചെയ്തില്ലെങ്കിൽ വലിയ അപകടം ഉണ്ടാകുമെന്ന് സൂചിപ്പിച്ചതാണ്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിരിക്കുന്ന പുതിയ നോട്ടിഫിക്കേഷൻ കൊച്ചി തുറമുഖത്തിന്റെ ഭാവിയെ മാത്രമല്ല കേരളത്തിന്റെ സമ്പദ്ഘടനയെ തന്നെ വളരെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലമായി ബാധിക്കും. കൊച്ചിയെ ആശ്രയിച്ച് കയറ്റുമതി ചെയ്യുന്ന എല്ലാ കയറ്റുമതിക്കാരുടെ കയറ്റുമതിയെയും അതോടൊപ്പം തന്നെ കൊച്ചി തുറമുഖത്തിന്റെ വികസനം മാത്രമല്ല വല്ലാർപാടം കണ്ടെയിനർ നിർമ്മിക്കാനുള്ള പ്രവർത്തനത്തിനുപോലും ഒരുപക്ഷേ ഇത് തടസ്സമായിട്ട് വരും. അതുകൊണ്ട് വളരെ ഗൗരവമായിട്ടാണ് ഗവൺമെന്റ് ഈ പ്രശ്നം എടുത്തിട്ടുള്ളത്. ഞാൻ കേന്ദ്ര മന്ത്രിമാർക്കെല്ലാം അടിയന്തിരമായി ഈ തീരുമാനം പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സന്ദേശം അയച്ചിട്ടുണ്ട്. കേന്ദ്ര ധനകാര്യമന്ത്രി, ഷിപ്പിംഗ് മന്ത്രി, വാണിജ്യ മന്ത്രി എന്നിവർക്കെല്ലാം ഈ നിലപാട് കേരളത്തിന് ഹാനികരമാണ്, ഞങ്ങൾക്ക് ശക്തിയായ പ്രതിഷേധമുണ്ട് അതുകൊണ്ട് അടിയന്തിരമായും ഇത് പുനഃപരിശോധിക്കണമെന്നാവശപ്പെട്ട് സന്ദേശം അയച്ചിട്ടുണ്ട്. ഗവൺമെന്റ് ശക്തിയായി സമ്മർദ്ദം ചെലുത്തും. നമ്മുടെ എം.പി.മാരുടെ സമ്മർദ്ദം കൂടുതൽ ഉണ്ടാകുന്നതിനുവേണ്ടി അവരുടെ സഹായം ചോദിച്ചിട്ടുണ്ട്. ജൂലായ് 5-ാം തീയതി എം.പി.മാരുടെ സമ്മേളനം കൂടുമ്പോൾ ഇത് ഒരു അജൻഡയായി ചർച്ച ചെയ്യുകയാണ്. കേരളത്തിന്റെ ഒറ്റക്കെട്ടായിട്ടുള്ള സമ്മർദ്ദത്തിന്റെ ഫലമായി ഈ നിലപാട് പുനഃപരിശോധിപ്പിക്കാൻ നമുക്ക് ശ്രമിക്കാം. അതോടൊപ്പം കൊച്ചി തുറമുഖത്തെ ഇടയ്ക്കിടയ്ക്കുള്ള സമരങ്ങളുടെ പേരും പറഞ്ഞുകൊണ്ട് വേറെ ചിലർ മുതലെടുപ്പിന് ശ്രമിക്കുന്നുണ്ട്. അടുത്തകാലത്തുണ്ടാകുന്ന സമരങ്ങളും ഇത്തരം തീരുമാനങ്ങളെടുക്കുന്നതിന് സഹായകരമായിട്ടുണ്ട് എന്നൊരു ആക്ഷേപമുണ്ട്. അതുകൊണ്ട് കൊച്ചി തുറമുഖത്തിന്റെ സൽപ്പേര് കെടുത്തുന്ന ഒരു നടപടിയും ഒരു ഭാഗത്ത് നിന്നും ഉണ്ടാകരുത്. ഗവൺമെന്റും പ്രതിപക്ഷവും എം.പി.മാരും ഒറ്റക്കെട്ടായി ഈ തീരുമാനം പുനഃപരിശോധിപ്പിക്കുന്നതിന് വേണ്ടി ഒരുമിച്ച് നിൽക്കാം. ഗവൺമെന്റ് ഇപ്പോൾ തന്നെ ഈ പ്രശ്നത്തിൽ ഇടപെട്ടിട്ടുണ്ട്.

(3) മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് കുടിവെള്ള പദ്ധതി

ശ്രീ. മഞ്ഞളാംകുഴി അലി : സർ, എന്റെ മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട, ഞങ്ങളുടെയൊക്കെ ഒരു ഡ്രീം, പ്രോജക്റ്റിനെപ്പറ്റിയാണ് എനിക്ക് പറയാനുള്ളത്. 6 പഞ്ചായത്തുകളിലെ 1,50,000-ത്തോളം പേർക്ക് കുടിവെള്ളം എത്തിക്കാനുള്ള മൂർക്കനാട് ശുദ്ധജല വിതരണ പദ്ധതിയുടെ കടലാസ് പണികൾ ഏകദേശം 10 വർഷം മുൻപ് തുടങ്ങിയെങ്കിലും ഇതുവരെയും അതിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. ഇതിനുവേണ്ടി ജനപ്രതിനിധികൾ എല്ലാവരും കൂടി പിരിവ് എടുത്തിട്ടാണ് ഈ സ്ഥലം കേരളാ വാട്ടർ അതോറിറ്റിക്ക് കൈമാറിയത്. ഒന്നര വർഷം മുൻപാണ് അത് കൈമാറിയത്. ഇതുവരെ പണി തുടങ്ങിയിട്ടില്ല. അത് ഉടൻ തുടങ്ങണമെന്നാണ് എനിക്ക് പറയാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ശുദ്ധജല വിതരണ പദ്ധതിയുടെ ആദ്യത്തെ ഭരണാനുമതി കൊടുത്തത് 1999-2000-ലാണ്. 1996-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമാണ് ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. 1999-ൽ റിവൈസ്ഡ് ഷെഡ്യൂൾ നിലവിൽ വന്നു. 1999-ലെ റിവൈസ്ഡ് ഷെഡ്യൂൾ പ്രകാരമുള്ള പ്രോജക്റ്റ് വീണ്ടും ഭരണാനുമതിക്ക് വേണ്ടി സമർപ്പിച്ചു. 2003 ഏപ്രിലിൽ ഇതിന്

LIBRARY ARCHIVES Kerala Legislative Assembly